**നോർക്ക റൂട്ട്സ്**
**നോർക്ക സെന്റർ**
**തൈക്കാട്, തിരുവനന്തപുരം-695014**
**ഫോൺ:0471-2770500,ഫാക്സ്.0471-2326263**
**വെബ്സൈറ്റ്.www.norkaroots.org.**
ഇമെയിൽ. mail@norkaroots.org

NORKA ROOTS
A Government of Kerala Undertaking

16.11.2019

# വാർത്താക്കുറിപ്പ്

## നോർക്ക റൂട്ട്സ് മുഖേന മാലി ദ്വീപിലേക്ക് തൊഴിലവസരം

നോർക്ക റൂട്ട്സ് മുഖേന മാലി ദ്വീപിലെ പ്രമുഖ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായ ട്രീ ടോപ്പ് ആശുപത്രിയിലേക്ക് നഴ്സ്, മിഡ്‌വൈഫ്, മെഡിക്കൽ ടെക്നീഷ്യൻ എന്നിവർക്ക് തൊഴിലവസരം. നോർക്ക റൂട്ട്സ് മുഖേന ആദ്യമായിട്ടാണ് മാലിയിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. റിക്രൂട്ട്മെന്റ് തികച്ചും സൗജന്യം.

ബിരുദം/ ഡിപ്ളോമ കഴിഞ്ഞ് രണ്ട് വർഷത്തെ പ്രവർത്തിപരിചയമുള്ള നഴ്സുമാരേയും മെഡിക്കൽ ടെക്നീഷ്യന്മാരേയുമാണ് തെരഞ്ഞെടുക്കുന്നത്. 22 നും 30 നും മദ്ധ്യേ പ്രായമുള്ള വനിതകൾക്കും പുരുഷൻമാർക്കും അപേക്ഷിക്കാം. മിഡ് വൈഫ് തസ്തികയ്ക്ക് രണ്ട് വർഷത്തെ ലേബർ റൂം പ്രവർത്തി പരിചയമുള്ള വനിത നഴ്സുമാർക്കാണ് അവസരം. നഴ്സുമാർക്ക് പ്രതി മാസ അടിസ്ഥാന ശമ്പളം 1000 യു.എസ് ഡോളറും (ഏകദേശം 70,000 രൂപ) ടെക്നീഷ്യന്മാർക്ക് 1000 യു.എസ് ഡോളർ മുതൽ 1200 യു.എസ് ഡോളർ വരെയും (ഏകദേശം 70,000 രൂപ മുതൽ 85,000 രൂപ വരെ) ലഭിക്കും. താമസം, ഡ്യൂട്ടി സമയത്തുള്ള ഒരു നേരത്തെ ഭക്ഷണം, ട്രാൻസ്പ്പോർട്ടേഷൻ, വിസ, വിമാന ടിക്കറ്റ്, മെഡിക്കൽ ഇൻഷുറൻസ് എന്നിവ ആശുപത്രി വഹിക്കും

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഫോട്ടോ പതിച്ച വിശദമായ ബയോ ഡാറ്റ, പാസ്പ്പോർട്ട്, യോഗ്യത, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്ന സർട്ടി ഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം norka.maldives@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ സമർപ്പിക്കണമെന്ന് നോർക്കാ റൂട്ട്സ് ചീഫ് എക്സി ക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

വിശദവിവരങ്ങൾ www.norkaroots.org ലും ടോൾ ഫ്രീ നമ്പരായ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345(വിദേശത്തു നിന്നും മിസ്ഡ് കോൾ സേവ നം) ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2019 നവംബർ 23.